നടത്താൻ പാടില്ല. ഇത് എന്താ സ്ഥിതി? ഈ സഭയിലെ ഒരംഗമായ ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് ശ്രീ. ഇ.എം. അഗസ്തി നയിക്കുന്ന പദയാത്രയ്ക്ക് സ്വീകരണം കൊടുക്കാൻ വേണ്ടിചെമ്മണ്ണാർ അദ്ദേഹത്തിന്റെ മണ്ണലമാണ്. അവിടെ സ്വീകരണം കൊടുക്കാൻവേണ്ടിയുള്ള സ്റ്റേജ് കൊടിമരം, പതാക, തോരണങ്ങൾ എന്നിവ മുഴുവൻ വെട്ടിയിട്ടിരിക്കുകയാണ്. ഇതാണോ മാർക്സിസ്റ്റ് പാർട്ടിയുടെ രീതി? ഇതിൽ മാറ്റമുണ്ടാകണം. അല്ലെങ്കിൽ ബുദ്ധിമുട്ടാണ്. ഇടുക്കി ജില്ലയിലെ വികസനത്തിനുവേണ്ടി നടത്തുന്ന ഒരു ജാഥയാണ്. ആ ജാഥയോട് എന്ത് വൈരാഗ്യമാണ് ഇവർക്ക്. ഇത് ശരിയല്ല. ഇത് നശിപ്പിച്ച ആൾക്കാരുടെ പേരിൽ ഇതുവരേയും നടപടിയുണ്ടായിട്ടില്ല. സി.പി.ഐ.യെ ഞാൻ കുറ്റം പറയുന്നില്ല. അവർ നല്ല ആൾക്കാരാണ്. കുറെയൊക്കെ സഹകരിക്കുന്ന ആൾക്കാരാണ്. സി.പി.ഐ.(എം)-ന്റെ ആൾക്കാരാണ് ഇതൊക്കെ ചെയ്യുന്നത്. ഇവരുടെ പേരിൽ കേസ് എടുത്തിട്ടില്ല. യാതൊരു നടപടിയുമെടുത്തിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കുകയാണ് എത്രയും വേഗം ഇതിന്റെ യഥാർത്ഥ കുറ്റവാളികളെ കണ്ടുപിടിച്ച് അവരുടെ പേരിൽ കേസ് എടുക്കുകയും അറസ്റ്റ് ചെയ്യുകയും ചെയ്യണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, ശ്രീ. ഇ.എം. അഗസ്തി എം.എൽ.എ.യുടെ നേതൃത്വത്തിൽ നടന്നിരുന്ന കോൺഗ്രസ് (ഐ)യുടെ സമാപനസമ്മേളനത്തോടനുബന്ധിച്ച് ചെമ്മണ്ണാറിൽ കെട്ടിയുയർത്തിയ സ്റ്റേജ് ഫെബ്രുവരി 22-ന് രാത്രി ചമ്പക്കര സണ്ണിയെന്ന ആൾ ഓടിച്ചിരുന്ന ജീപ്പ് ഇടിച്ച് ഭാഗികമായി തകരുകയും കൊടിതോരണങ്ങൾ അലങ്കോലപ്പെടുകയും ചെയ്തു. പരിക്കുപറ്റിയ ജീപ്പ് ഡ്രൈവർ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഇത് സംബന്ധിച്ച് ശന്തൻപാറ പോലീസ് സ്റ്റേഷനിൽ ക്രൈം 46/2000-ാം നമ്പറായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയാണ്.

(4) അഭിഭാഷകർ നടത്തുന്ന കോടതി ബഹിഷ്ക്കരണ സമരം

ശ്രീ. എം. വി. ജയരാജൻ : സർ, ഇന്ന് രാജ്യവ്യാപകമായി അഭിഭാഷകരും കേരളത്തിൽ എസ്.എഫ്.ഐ.യുടെ നേതൃത്വത്തിൽ നിയമവിദ്യാർത്ഥികളും സമരം നടത്തുകയാണ്. സിവിൽ നടപടിക്രമം, അഡ്വക്കേറ്റ്സ് ആക്റ്റ് എന്നിവയുടെ ഭേദഗതിക്കും ഭരണഘടന പൊളിച്ചെഴുതുന്നതിനുമെതിരായിട്ടാണ് അഭിഭാഷകരും നിയമവിദ്യാർത്ഥികളും രാജ്യവ്യാപകമായി സമരം നടത്തുന്നത്. ഇന്ന് കേന്ദ്ര നിയമമന്ത്രിയുടെ വീട്ടിലേയ്ക്ക് അഭിഭാഷകൻ മാർച്ച് നടത്തുകയാണ്. കേരളത്തിലെ കോടതികളിൽ വക്കീലന്മാർ ബഹിഷ്ക്കരണം പ്രഖ്യാപിച്ചിരിക്കുകയാണ്. നിയമ വിദ്യാർത്ഥികളും ഈ സമരത്തിൽ പങ്കെടുക്കുന്നു. ആൾ ഇൻഡ്യാ ലോയേഴ്സ് യൂണിയനും ഈ സമരത്തിൽ പങ്കെടുക്കുകയാണ്. ബാർ കൗൺസിലിലും ബാർ അസോസിയേഷനുമാണ് ഈ സമരത്തിന് ആഹ്വാനം ചെയ്തിട്ടുള്ളത്. സിവിൽ നടപടിക്രമത്തിൽ വരുത്തിയ ഭേദഗതി സാധാരണക്കാർക്ക് നീതി നിഷേധിക്കാനിടയാക്കുന്ന ഒരു ഭേദഗതിയാണ്. ഇപ്പോൾ ഒരു അന്യായം ഫയൽ ചെയ്താൽ എന്തെങ്കിലും ഭേദഗതി വരുത്തണമെങ്കിൽ പിന്നീട് അത് ചെയ്യാവുന്നതാണ്. പുതിയ വ്യവസ്ഥയനുസരിച്ച് ഭേദഗതി വരുത്താൻ കഴിയില്ല. അന്യായം ഫയൽ ചെയ്ത ആൾ മരിച്ചാൽ പിൻതുടർച്ചാവകാശിക്ക് കക്ഷി ചേർന്ന് കേസ് തുടർന്ന് നടത്താവുന്നതാണ് നിലവിലുള്ള വ്യവസ്ഥ. ഇനി അത്

LIBRARY ARCHIVES Kerala Legislative Assembly

പറ്റില്ല. അത് സാധാരണക്കാരായ ആളുകൾക്ക് സാമ്പത്തിക ബാദ്ധ്യത കൂടുതൽ വരുത്തിവയ്ക്കുന്നതാണ്. പ്രതി പത്രിക നൽകാൻ ഒരു മാസം മാത്രമേ കാലാവധി അനുവദിക്കുന്നുള്ളൂ. അവകാശത്തർക്കമുന്നയിച്ച് ഒരു കുടിൽ പൊളിക്കാൻ വേണ്ടി ഒരു അന്യായം കോടതിയിൽ ഫയൽ ചെയ്താൽ കോടതിയിൽ റേഷൻകാർഡും മറ്റ് രേഖകളും ഹാജരാക്കിയാൽ injunction കിട്ടും. പുതിയ വ്യവസ്ഥയനുസരിച്ച് ആ injunction ഇനി കിട്ടുകയില്ല. വേണമെങ്കിൽ വസ്തുവിന് എത്ര തുക വരുമോ അത്രയും തുക കെട്ടിവയ്ക്കണം. ഇത് സാധാരണക്കാരന് എങ്ങനെ സാധിക്കും. കീഴ്ക്കോടതി വിധിക്കെതിരെ അപ്പീൽ പോകാൻ പാടില്ല എന്നാണ് പുതിയ ഭേദഗതിയിൽ പറയുന്നത്. ഇത് എന്തൊരവസ്ഥയാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ (276) പ്രകാരം ഒ.പി. ഫയൽ ചെയ്യാം. ആ ഒ.പി.യിൽ ഹൈക്കോടതി ഇടക്കാല ഉത്തരവിറക്കിയാൽ ആ ഇടക്കാല ഉത്തരവിൻമേൽ ഹൈക്കോടതിയിലെ ഡിവിഷൻ ബഞ്ചിൽ പോകാം. നിലവിലുള്ള വ്യവസ്ഥയാണ്. ഇനി പോകാൻ പറ്റുകയില്ല. സുപ്രീം കോടതിയിൽ പോകണം. ഇതാണ് ഞാൻ പറയുന്നത് ഹൈക്കോടതിയിൽ പോകാൻ പറ്റുകയില്ല, സുപ്രീംകോടതിയിൽ പോകണം. ഇതെല്ലാം സാധാരണക്കാരായ ആളുകൾക്ക് നീതി നിഷേധിക്കുന്ന ഒന്നാണ്. അഡ്വക്കേറ്റ്സ് ആക്റ്റ് ഭേദഗതി ചെയ്യുകയാണ്. ഇത് ജൂനിയർമാരായ വക്കീലന്മാർക്ക് ഒട്ടേറെ പ്രതികൂലമായ സ്ഥിതിയുണ്ടാക്കും. ആഗോളവൽക്കരണത്തിന്റെ ഭാഗമായി ഇപ്പോൾ കൊണ്ടുവരാനുദ്ദേശിക്കുന്ന വ്യവസ്ഥ വിദേശത്തുനിന്ന് വക്കീലന്മാർക്ക് ഇങ്ങോട്ട് വരാം. എല്ലാം ഇങ്ങനെ ഇങ്ങോട്ട് കൊണ്ടുവരുകയാണ്. അഞ്ച് വർഷം കൂടുമ്പോൾ വക്കീലന്മാർ സന്നദ് പുതുക്കണം. ഇതൊക്കെ നമ്മുടെ ജൂനിയർ അഭിഭാഷകരായ ആളുകൾക്ക് ഒട്ടറെ പ്രയാസം സൃഷ്ടിക്കുന്ന ഒന്നാണ്. അതുകൊണ്ട് ഇതിനെതിരായി മാത്രമല്ല, നമ്മുടെ ഭരണഘടനാ പൊളിച്ചെഴുത്ത് അത്യന്തം ഗൗരവമായിട്ടുള്ള വിഷയമാണ്. അത് നമ്മുടെ ഭരണഘടനയുടെ അടിത്തറതന്നെ തകർക്കുന്നതാണ്. ഇതിനെല്ലാം എതിരായിട്ടാണ് അഭിഭാഷകരും നിയമ വിദ്യാർത്ഥികളും ഇവിടെ സമരം ചെയ്യുന്നത്. ആ സമരത്തിൽ കേരളത്തിലെ ജനാധിപത്യവാദികൾ ആകെ യോജിക്കുന്ന ഒന്നാണ്. അതുകൊണ്ട് ഇത് ഗൗരവമായി പരിഗണിച്ച് കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ : ഇതിനെ സംബന്ധിച്ച് ശ്രീ. കെ.സി. ജോസഫും ശ്രീ. തേറമ്പിൽ രാമകൃഷ്ണനും നോട്ടീസ് തന്നിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, Advocates Act, Civil Procedure Code, Criminal Procedure Code എന്നിവയിൽ കേന്ദ്ര ഗവൺമെന്റ് ചില ഭേദഗതികൾ വരുത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് അഭിഭാഷകർക്കോ നിയമ വിദ്യാർത്ഥികൾക്കോ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അവ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ പരിശോധിച്ച് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതാണ്. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly